# ടെണ്ടർ നോട്ടീസ്

## ടെണ്ടർ നമ്പർ 1/2025

## മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

---

**2025 ഓണം ഘോഷയാത്രയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ഫ്ലോട്ട് നിർമ്മാണത്തിനുള്ള ടെണ്ടർ**

വിനോദസഞ്ചാരവകുപ്പിന്റെ ആഭിമുഖ്യത്തിൽ 2025 സെപ്റ്റംബർ 3 മുതൽ 9 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ഓണാഘോഷ ഘോഷയാത്രയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രസക്തിയും നേട്ടങ്ങളും വിശദീകരിക്കുന്ന രീതിയിൽ "മണ്ണ് ജല സംരക്ഷണം" എന്ന ആശയം പ്രകടിപ്പിക്കുന്ന ഒരു ഫ്ലോട്ട് ഒരു മിനി ലോറിയിൽ ഒരുക്കി പ്രദർശിപ്പിക്കുന്നതിന് പരിചയസമ്പന്നരായ കരാറുകാരിൽ നിന്നും സീൽ ചെയ്ത രണ്ട് കവർ ടെൻഡറുകൾ മത്സരാടിസ്ഥാനത്തിൽ ക്ഷണിച്ചുകൊള്ളുന്നു. ആശയം വ്യക്തമാക്കുന്നതിന് ആവശ്യമായ രൂപങ്ങൾ ദൃശ്യ ശ്രവ്യ ദീപവിതാനങ്ങൾ എന്നിവ ഫ്ലോട്ടിൽ ഒരുക്കിയിരിക്കണം 2025 സെപ്റ്റംബർ എട്ടിന് രാവിലെ 11 മണിക്ക് മുൻപായി ഫ്ലോട്ട് നിർമ്മാണം പൂർത്തിയാക്കി നൽകണമെന്ന് സത്യവാങ്മൂലം പ്രാഥമിക സമ്മതപത്രം എന്നിവ സഹിതം താഴെ ചേർത്തിരിക്കുന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകളുടെ പുറത്ത് ഓണം ഘോഷയാത്ര 2025 സെപ്റ്റംബർ 3 മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ഫ്ലോട്ട് എന്ന് രേഖപ്പെടുത്തിയിരിക്കണം. താമസിച്ചു ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല ടെൻഡർ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം മണ്ണ് പര്യവേക്ഷണ അഡീഷണൽ ഡയറക്ടറിൽ നിക്ഷിപ്തം ആയിരിക്കും.

ടെൻഡർ സമയം തുറക്കൽ എന്നിവയുടെ സമയക്രമം

| | | |
|---|---|---|
| 1 | ടെണ്ടർ സ്വീകരിക്കുന്ന അവസാന ദിവസം, സമയം | 1/9/2025 1 PM |
| 2 | കവർ A തുറക്കുന്ന ദിവസം, സമയം | 1/9/2025 3.30 PM |
| 3 | കവർ B തുറക്കുന്ന ദിവസം, സമയം | 1/9/2025 4 PM |
| 4 | അടങ്കൽ തുക | 500000/- |
| 5 | ഇ എം ഡി തുക | 5000/- |

| | | |
|---|---|---|
| 6 | ടെണ്ടർ സമർപ്പിക്കേണ്ട വിലാസം | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് (ഹെഡ്ക്വാർട്ടേഴ്സ്) വഴുതക്കാട്, തിരുവനന്തപുരം -14<br>ഫോൺ:- 047127787601<br>മെയിൽ : soildirector@gmail.com |

**Signed by Saju K. Surendran**
**Date: 25-08-2025 13:28:33**

Saju K Surendran
DIRECTOR